# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2874 — 19.06.14 ൽ - മറുപടിക്ക്

## റേഷൻകടകളുടെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൈലറ്റ് പ്രോജക്ടായി എത്ര റേഷൻകടകളെയാണ് കമ്പ്യൂട്ടർവത്കരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ; | (എ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി റേഷൻകടകളുടെ കമ്പ്യൂട്ടർ-വത്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എ.പി.എൽ (എസ്.എസ്) പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സബ്സിഡി നേരിട്ടു നൽകുന്ന പദ്ധതിയുടെ പ്രീപൈലറ്റ് ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ 6 റേഷൻകടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും കമ്പ്യൂട്ടർവത്ക്കരിക്കുവാൻ മന്ത്രിസഭയുടെ അനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള കടകളിൽ റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാംനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) എ.പി.എൽ (എസ്.എസ്) പ്രീ പൈലറ്റ് പദ്ധതിക്കായി തെരഞ്ഞെടുത്ത 6 കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതീകസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതോടൊപ്പം റേഷൻസാധനങ്ങൾ സപ്ലൈകോ വഴി നേരിട്ട് കടകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ